**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2735** **14-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന ബദൽ വികസന നയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതോടൊപ്പം കേന്ദ്ര സർക്കാർ ഓഹരികൾ വിറ്റഴിച്ച് സ്വകാര്യവത്ക്കരിക്കാൻ തീരുമാനിച്ച സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി ഏറ്റെടുത്ത് പ്രവർത്തനം ശക്തിപ്പെടുത്തുന്ന ബദൽ വികസന നയം മുൻ സർക്കാരും ഈ സർക്കാരും നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ആയതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുന്നതോടൊപ്പം കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തി ശക്തിപ്പെടുത്തുന്ന ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ നയത്തിന്റെ ഭാഗമായാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കിയത്. സ്ഥാപനം പ്രവർത്തന പുരോഗതി കൈവരിച്ച് വരികയാണ്.<br><br>ഇതോടൊപ്പം തന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.ൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-നു BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി പ്രവർത്തനം പുനരാരംഭിച്ചു. സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുള്ള കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാർ നൽകിയ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ തിരികെ ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ബദൽനയത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ |

| | | | |
|---|---|---|---|
| | | | കേസിന്റെയും സ്വഭാവം അനുസരിച്ച് സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്നതും സ്വകാര്യവത്കരിക്കാൻ തീരുമാനിച്ചിട്ടുള്ളതുമായ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാരിന്റെ ഓഹരിയും ആസ്തിയും തിരികെ ലഭിക്കുന്നതിന് വ്യവസായ വകുപ്പ് എടുക്കുന്ന നടപടികളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഉണ്ട്. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പ്രവർത്തനം ശക്തിപ്പെടുത്തി മത്സരക്ഷമമാക്കുന്നതോടൊപ്പം കേന്ദ്രസർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതു മേഖലാ സ്ഥാപനങ്ങളെ ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തി ശക്തിപ്പെടുത്തുന്ന ബദൽ വികസന നയമാണ് സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നത്. ഈ നയത്തിന്റെ ഭാഗമായാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റിഡിനെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് എന്ന പേരിൽ പുനർ നാമകരണം ചെയ്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കിയത്. സ്ഥാപനം പ്രവർത്തന പുരോഗതി കൈവരിച്ച് വരികയാണ്.<br><br>ഇതോടൊപ്പം തന്നെ കേന്ദ്ര സർക്കാർ സ്വകാര്യവത്ക്കരിക്കുവാൻ തീരുമാനിച്ച കാസർഗോഡ് ജില്ലയിൽ പ്രവർത്തിച്ചിരുന്ന ഭെൽ-ഇ.എം.ൽ. കമ്പനി സംസ്ഥാനം ഏറ്റെടുക്കുന്നതിന്റെ ഭാഗമായി ബി.എച്ച്.ഇ.എൽ-നു BHEL-EML-ൽ ഉണ്ടായിരുന്ന 51% ഓഹരികളും സംസ്ഥാന സർക്കാർ ഏറ്റെടുത്ത് പ്രസ്തുത സ്ഥാപനത്തെ കെൽ-ഇ.എം.എൽ എന്ന് പുനഃനാമകരണം ചെയ്ത് പൂർണ്ണമായും സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമാക്കി മാറ്റി പ്രവർത്തനം പുനരാരംഭിച്ചു. സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചിട്ടുള്ള കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങളിലെ സംസ്ഥാന സർക്കാർ നൽകിയ ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ തിരികെ ലഭിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ ബദൽനയത്തിന്റെ അടിസ്ഥാനത്തിൽ, ഓരോ കേസിന്റെയും സ്വഭാവം അനുസരിച്ച് സാധ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ